LIBRARY ARCHIVES Kerala Legislative Assembly

പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും ചെലവായ തുക

86 (1460) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പരസ്യങ്ങൾക്കും, പ്രസിദ്ധീകരണങ്ങൾക്കുംവേണ്ടി സർക്കാർ ചെലവഴിച്ച തുക എത്രയാണ്;

(ബി) പരസ്യം ഇനത്തിലും, പ്രിന്റിംഗ് ഇനത്തിലും മറ്റുമായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് നല്കുവാനുള്ള കുടിശ്ശിക എത്ര;

(സി) ഈ സർക്കാരിന്റെ കാലത്ത്, നാളിതുവരെ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് പരസ്യം ഇനത്തിൽ നൽകിയ തുക സ്ഥാപനങ്ങളുടെ പേര് സഹിതം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പരസ്യങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി ഏകദേശം 144,40,27,891 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഏകദേശം 30,79,72,083 രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയിനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) പരസ്യം ഇനത്തിലും, പ്രിന്റിംഗ് ഇനത്തിലും മറ്റുമായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് ഏകദേശം 35 കോടി രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലത്ത്, നാളിതുവരെ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്ക് പരസ്യം ഇനത്തിൽ ഏകദേശം 136,53,34,327 രൂപ നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേര് അനുബന്ധമായി ചേർക്കുന്നു. *

ഗ്രേഡ്-II അഗ്രികൾച്ചർ അസിസ്റ്റന്റ് നിയമനം

87 (1461) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ ഗ്രേഡ്-II അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നറിയാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഗ്രേഡ്-II അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) കൃഷി വകുപ്പിൽ എ.എഫ്.ഒ.യായും അഗ്രികൾച്ചർ ഓഫീസർ ആയും സ്ഥാനക്കയറ്റം നൽകിയപ്പോഴുണ്ടായ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട്;

(ഡി) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. വഴി എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യതയുള്ളവരെയും പ്ലസ് ടു (വി.എച്ച്.എസ്.സി) അഗ്രികൾച്ചർ യോഗ്യതയുള്ളവരെയും ഈ തസ്തികയ്ക്ക് പരിഗണിക്കുമോ; ഈ ഒഴിവുകൾ ഒരുമിച്ചാണോ റിപ്പോർട്ട് ചെയ്യുന്നത്; ഒരുമിച്ചാണോ നിയമന ശിപാർശ ലഭിക്കുന്നത്;

(ഇ) അഗ്രികൾച്ചർ ബിരുദം യോഗ്യതയുള്ളവർക്കും പ്ലസ്ടു (വി.എച്ച്.എസ്.സി.) യോഗ്യതയുള്ളവർക്കുമുള്ള ഒഴിവുകൾ വിഭജിച്ച് പ്രത്യേകം നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; അല്ലെങ്കിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തിക പ്ലസ്ടു (വി.എച്ച്.എസ്.സി.) അഗ്രികൾച്ചർക്കായി മാത്രം നിജപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റായി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത ചുവടെ ചേർക്കുന്നു:

A.

I. കേരള സർവ്വകലാശാലയിൽനിന്നും കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ.

ഐറ്റം I അനുസരിച്ചുള്ള യോഗ്യതയുടെ അഭാവത്തിൽ.

II. അഗ്രികൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ്.

ഐറ്റം I-ഉം II-ഉം പ്രകാരം നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ അഭാവത്തിൽ.

LIBRARY ARCHIVES Kerala Legislative Assembly

III. 1. കൃഷി മുഖ്യവിഷയമായുള്ള എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ.

അല്ലെങ്കിൽ

2. എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും

അല്ലെങ്കിൽ

3. കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള പോസ്റ്റ് ബേസിക് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്.

B.

നല്ല കായികശേഷി.

ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യതയും വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ യോഗ്യതയും ടി തസ്തികയ്ക്ക് പരിഗണിക്കാറുണ്ട്. ഒഴിവുകൾ ഒരുമിച്ചാണ് റിപ്പോർട്ട് ചെയ്യുന്നത്. നിയമന ശിപാർശ ലിസ്റ്റ് I (ബി.എസ്.സി. അഗ്രികൾച്ചർ, ഡിപ്ലോമ ഇൻ അഗ്രികൾച്ചർ)-ൽ നിന്നും ഒന്നാമതായും ലിസ്റ്റ് I തീർന്നതിനുശേഷം ലിസ്റ്റ് II-ൽ (വി.എച്ച്.എസ്.ഇ. അഗ്രികൾച്ചർ)-ൽനിന്നും രണ്ടാമതായും, ലിസ്റ്റ് II തീർന്നശേഷം ലിസ്റ്റ് III-ൽനിന്നും മൂന്നാമതായും ആണ് നടത്തപ്പെടുന്നത്.

(ഇ) ഉയർന്ന യോഗ്യതയുള്ളവരെ ഒഴിവാക്കുന്നത് ഉചിതമെന്ന് തോന്നുന്നില്ല.

നിതാഖത്മൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

88 (1462) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഗൾഫ് രാജ്യങ്ങളിൽ നിന്നും നിതാഖത്മൂലം എത്ര പേർ തിരികെയെത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നിതാഖത്മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെത്തിയവരെ പുനരധിവസിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(സി) നിതാഖത്മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരെ പുനരധിവസിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സർക്കാർ സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly